# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ -3073**

**13.07.2015-ലെ മറുപടിക്ക്**

## പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) : | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| (എ) പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; | (എ) പ്രസ്തുത വിജിലൻസ് കേസ് അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 6.02.2012-ൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ കോടതിയുടെ വിചാരണയിലുമാണ്. |
| (ബി) പാമൊലിൻ ഇറക്കുമതി അന്നത്തെ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ തെറ്റാണെന്നബോധിപ്പിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ; | (ബി) അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (സി) ഇറക്കുമതി ചെയ്യുന്ന കാര്യത്തിലെ തന്റെ വിയോജിപ്പ് സംബന്ധിച്ച് 2-6-2015-ന് ചീഫ് സെക്രട്ടറി നടത്തിയ പ്രസ്താവന വസ്തുതാപരമാണോയെന്ന അറിയിക്കുമോ ; | (സി) അന്വേഷണത്തിന് വിധേയമായ രേഖകളുടെ അടിസ്ഥാനത്തിൽ വസ്തുതാപരമല്ല. |
| (ഡി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ മേൽപറഞ്ഞ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുക യുണ്ടായോയെന്ന വ്യക്തമാക്കുമോ ; | (ഡി) ഇല്ല |
| (ഇ) ആരുടെ നേതൃത്വത്തിലുള്ള സംഘമാ ണിപ്പോൾ അന്വേഷണം നടത്തിവരുന്നത് എന്നും പാമൊലിൻ ഇറക്കുമതി നടത്തിയ ഘട്ടത്തിൽ മുഖ്യമന്ത്രിയും ധനകാര്യവകുപ്പ് മന്ത്രിയും ആരൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ ? | (ഇ) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നില്ല. പാമോലിൻ ഇറക്കുമതി നടത്തിയ ഘട്ടത്തിൽ മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയുമായി രുന്നു. |

സെക്ഷൻ ഓഫീസർ